LIBRARY ARCHIVES Kerala Legislative Assembly

രാഷ്ട്രീയ കൃഷി വികാസ് യോജന പ്രകാരം ഇത്തിക്കര ബ്ലോക്കിൽ സമർപ്പിച്ച പ്രോജക്ട്

206 (4272) ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തിക വർഷം രാഷ്ട്രീയ കൃഷി വികാസ് യോജന പ്രകാരം ഇത്തിക്കര ബ്ലോക്കിൽ നിന്നും എത്ര പ്രോജക്ടുകൾ സമർപ്പിക്കുകയുണ്ടായി എന്ന് വെളിപ്പെടുത്തുമോ ;

(ബി) അത് പ്രകാരം എത്ര രൂപ അനുവദിച്ചെന്നും അതിൽ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത ബ്ലോക്കിൽ നിന്നും പ്രോജക്ടുകൾ സമർപ്പിക്കുന്നതിന് കാലവിളംബം സംഭവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സാമ്പത്തിക വർഷം ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾക്ക് പ്രോജക്ടുകൾ സമർപ്പിച്ചിട്ടുണ്ട്.

1. കരനെൽകൃഷി
2. തരിശുനില നെൽകൃഷി
3. ജൈവ വാഴകൃഷി
4. പച്ചക്കറി കൃഷി
5. തഴുത്തല ഏലയിൽ അടിസ്ഥാന സൗകര്യ വികസനം.

(ബി) ഈ വർഷത്തെ ആർ.കെ.വി.വൈ. പദ്ധതികൾ അംഗീകരിക്കുന്നതിനുള്ള സ്റ്റേറ്റ് ലെവൽ സാങ്ഷനിംഗ് കമ്മിറ്റി ജൂൺ മാസത്തിൽ കൂടി കൊല്ലം ജില്ലയ്ക്ക് കരനെൽകൃഷി, തരിശുനില നെൽകൃഷി, പച്ചക്കറി കൃഷി എന്നീ പദ്ധതികൾക്കായി 101.50 ലക്ഷം രൂപ അംഗീകരിച്ചിട്ടുണ്ട്. കേന്ദ്ര ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് പദ്ധതിയ്ക്കുള്ള തുക അനുവദിക്കുന്നതാണ്.

(സി) പ്രോജക്ടുകൾ സമർപ്പിക്കുന്നതിന് കാലവിളംബം സംഭവിച്ചിട്ടില്ല.

പ്രത്യേക ഭക്ഷ്യസുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിന് നടപടി

207 (4275) ശ്രീ. വി. ഡി. സതീശൻ:
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. കെ. ബാബു :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രധാനപ്പെട്ട നെല്ലുൽപ്പാദന പ്രദേശങ്ങളെ ഉൾപ്പെടുത്തി ഒരു പ്രത്യേക ഭക്ഷ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;